**മധുരമായ കുട്ടികളേ – സർവ്വോത്തമമായ യുഗം ഈ സംഗമയുഗമാണ്, ഇതിൽത്തന്നെയാണ് നിങ്ങൾ ആത്മാക്കൾ പരമാത്മാവായ ബാബയുമായി കണ്ടുമുട്ടുന്നത്, ഇതാണ് സത്യം സത്യമായ കുംഭമേള.**

**ചോദ്യം:–** ഏതൊരു പാഠമാണ് ബാബ പഠിപ്പിക്കുന്നത്, അത് ഒരു മനുഷ്യനാലും പഠിപ്പിക്കാൻ സാധിക്കില്ല?
**ഉത്തരം:–** ദേഹീ അഭിമാനിയാക്കുന്നതിനുള്ള പാഠം ഒരേയൊരു ബാബയാണ് പഠിപ്പിക്കുന്നത്, ഈ പാഠം ഒരു ദേഹധാരിക്കും പഠിപ്പിക്കാൻ സാധിക്കില്ല. ഏറ്റവുമാദ്യം നിങ്ങൾക്ക് ആത്മാവിന്റെ ജ്ഞാനം ലഭിക്കുന്നു. നിങ്ങൾക്ക് അറിയാം നമ്മൾ ആത്മാക്കൾ അഭിനേതാക്കളായി പാർട്ട് അഭിനയിക്കാൻ വന്നിരിക്കുകയാണ്, ഇപ്പോൾ നാടകം പൂർത്തിയാവുകയാണ്, ഈ ഡ്രാമ ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമാണ്, ഇത് ആരെങ്കിലും ഉണ്ടാക്കിയതല്ല അതിനാൽ ഇതിന് ആദിയും അന്ത്യവും ഇല്ല.

**ഗീതം:–** ഉണരൂ പ്രിയതമകളേ ഉണരൂ...

**ഓം ശാന്തി.** കുട്ടികൾ ഈ ഗീതം അനേകം തവണ കേട്ടിട്ടുണ്ടാകും. പ്രിയതമൻ പ്രിയതമകളോട് പറയുകയാണ്. ബാബ എപ്പോഴാണോ ശരീരത്തിൽ വരുന്നത് അപ്പോളാണ് പ്രിയതമൻ എന്ന് പറയുന്നത്. അല്ലെങ്കിൽ ബാബ അച്ഛനാണ്, നിങ്ങൾ കുട്ടികളും. നിങ്ങൾ എല്ലാവരും ഭക്തരാണ്. ഭഗവാനെ ഓർമ്മിക്കുന്നു. വധു വരനെ ഓർമ്മിക്കുന്നു. എല്ലാവരുടേയും പ്രിയതമനാണ് വരൻ. ബാബ ഇരുന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്– ഇപ്പോൾ ഉണരൂ, പുതിയ യുഗം വരികയാണ്. പുതിയത് അർത്ഥം പുതിയ ലോകം സത്യയുഗം. പഴയ ലോകമാണ് കലിയുഗം. ഇപ്പോൾ ബാബ വന്നിരിക്കുന്നു, നിങ്ങളെ സ്വർഗ്ഗവാസിയാക്കുകയാണ്. ഞാൻ നിങ്ങളെ സ്വർഗ്ഗവാസിയാക്കുകയാണ് എന്ന് ഒരു മനുഷ്യനും പറയാൻ സാധിക്കില്ല. സന്യാസിമാർക്ക് സ്വർഗ്ഗത്തേയും നരകത്തേയും തീർത്തും അറിയില്ല. എതുപോലെയാണോ മറ്റു ധർമ്മങ്ങളുള്ളത് അതുപോലെ സന്യാസിമാരുടേതും ഒരു ധർമ്മമാണ്. അത് ആദി സനാതന ദേവീദേവതാ ധർമ്മമല്ല. ആദി സനാതന ദേവീ ദേവതാ ധർമ്മത്തിന്റെ സ്ഥാപന ഭഗവാനാണ് വന്ന് ചെയ്യുന്നത്, ആരാണോ നരകവാസികൾ അവർ തന്നെയാണ് സത്യയുഗീ സ്വർഗ്ഗവാസിയായി മാറുന്നത്. ഇപ്പോൾ നിങ്ങൾ നരകവാസികളല്ല. ഇപ്പോൾ നിങ്ങൾ സംഗമയുഗത്തിലാണ്. സംഗമം നടുവിലാണ്. സംഗമത്തിൽ നിങ്ങൾ സ്വർഗ്ഗവാസിയാകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുന്നു, അതിനാലാണ് സംഗമയുഗത്തിന് മഹിമയുള്ളത്. സർവ്വോത്തമമായ കുംഭ മേളയും വാസ്തവത്തിൽ ഇതാണ്. ഇതിനെത്തന്നെയാണ് പുരുഷോത്തമം എന്ന് പറയുന്നത്. നിങ്ങൾക്ക് അറിയാം നമ്മൾ എല്ലാവരും ഒരച്ഛന്റെ കുട്ടികളാണ്, വിശ്വ സാഹോദര്യം എന്ന് പറയാറില്ലേ. സർവ്വാത്മാക്കളും പരസ്പരം സഹോദരങ്ങളാണ്. ഹിന്ദുസ്ഥാനികളും ചൈനക്കാരും സഹോദരങ്ങളാണ് എന്ന് പറയാറുണ്ട്. എല്ലാ ധർമ്മങ്ങളുടേയും ആധാരത്തിൽ സഹോദരങ്ങളാണ്– ഈ ജ്ഞാനം ഇപ്പോഴാണ് നിങ്ങൾക്ക് ലഭിക്കുന്നത്. ബാബ മനസ്സിലാക്കിത്തരുന്നു നിങ്ങൾ പിതാവായ എന്റെ കുട്ടികളാണ്. ഇപ്പോൾ നിങ്ങൾ സന്മുഖത്ത് കേൾക്കുകയാണ്. അവരാണെങ്കിൽ പറയുകമാത്രം ചെയ്യുന്നു. സർവ്വാത്മാക്കളുടേയും പിതാവ് ഒരാളാണ്, ആ ഒരാളെയാണ് എല്ലാവരും ഓർമ്മിക്കുന്നത്. സ്ത്രീയിലും പുരുഷനിലും രണ്ടുപേരിലും ആത്മാവുണ്ട്. ആ കണക്കനുസരിച്ച് സഹോദരങ്ങളാണ് പിന്നീട് സഹോദരീ സഹോദരൻ അതിനുശേഷമാണ് ഭാര്യാ–ഭർത്താക്കൻമാരാകുന്നത്. അതിനാൽ ബാബ വന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്. ആത്മാക്കളും പരമാത്മാവും വളരെക്കാലം വേർപെട്ടിരുന്നു... എന്ന് പാടാറുണ്ട് നദികളും സാഗരവും ഒരുപാടുകാലം വേറിട്ടിരുന്നു... എന്ന് പാടാറില്ല വലിയ വലിയ നദികൾ സാഗരവുമായി കൂടിച്ചേരുന്നുണ്ട്. ഇതും കുട്ടികൾക്ക് അറിയാം നദി സാഗരത്തിന്റെ കുട്ടിയാണ്, സാഗരത്തിൽ നിന്നും വെള്ളം മുകളിലേയ്ക്ക് പോകുന്നു, മേഘങ്ങളായി പർവ്വതമുകളിൽ പെയ്യുന്നു. പിന്നീട് നദികളായി മാറുന്നു. അതിനാൽ എല്ലാം സാഗരത്തിന്റെ പെൺമക്കളും ആൺമക്കളുമാണ്. വളരെ അധികം പേർക്ക് വെള്ളം എവിടെനിന്നാണ് വരുന്നത് എന്നതുപോലും അറിയില്ല. ഇതും പഠിപ്പിക്കുന്നുണ്ട്. അതിനാൽ ഇപ്പോൾ കുട്ടികൾക്ക് അറിയാം ജ്ഞാനസാഗരൻ ഒരേയൊരു ബാബയാണ്. ഇതും മനസ്സിലാക്കിത്തരുന്നു നിങ്ങൾ എല്ലാവരും ആത്മാക്കളാണ്, അച്ഛൻ ഒന്നാണ്. ആത്മാവും നിരാകാരമാണ്, പിന്നീട് എപ്പോഴാണോ സാകാരത്തിലേയ്ക്ക് വരുന്നത് അപ്പോഴാണ് പുനർജന്മം എടുക്കുന്നത്. ബാബയും എപ്പോഴാണോ സാകാരത്തിലേയ്ക്ക് വരുന്നത് അപ്പോഴാണ് കാണുന്നത്. ബാബയുമായി കണ്ടുമുട്ടുന്നത് ഒരു തവണ മാത്രമാണ്. ഈ സമയത്ത് വന്ന് എല്ലാവരേയും കാണുകയാണ്. ഇത് ഭഗവാനാണ് എന്നതും അറിയും. ഗീതയിൽ കൃഷ്ണന്റെ പേര് വച്ചിരിക്കുന്നു എന്നാൽ കൃഷ്ണന് ഇവിടെ വരാൻ കഴിയില്ല. കൃഷ്ണൻ

എങ്ങനെ അപവാദം കേൾക്കും? കൃഷ്ണന്റെ ആത്മാവ് ഈ സമയത്തുണ്ട് എന്നത് നിങ്ങൾക്ക് അറിയാം. ആദ്യമാദ്യം നിങ്ങൾക്ക് ആത്മജ്ഞാനമാണ് ലഭിക്കുന്നത്. നിങ്ങൾ ആത്മാക്കളാണ്, ഇത്രയും സമയം ശരീരമാണ് എന്ന് കരുതിയാണ് ജീവിച്ചത്, ഇപ്പോൾ ബാബ വന്ന് ദേഹീ അഭിമാനിയാക്കി മാറ്റുകയാണ്. സാധു സന്യാസിമാർ ആരും ഒരിയ്ക്കലും നിങ്ങളെ ആത്മാഭിമാനികളാക്കി മാറ്റുന്നില്ല. നിങ്ങൾ കുട്ടികളാണ്, നിങ്ങൾക്ക് പരിധിയില്ലാത്ത അച്ഛനിൽ നിന്നും സമ്പത്ത് ലഭിക്കുന്നു. നിങ്ങളുടെ ബുദ്ധിയിലുണ്ട് നമ്മൾ പരംധാമത്തിൽ വസിക്കുന്നവരാണ് പിന്നീട് നമ്മൾ ഇവിടെ പാർട്ട് അഭിനയിക്കാൻ വന്നതാണ്. ഇപ്പോൾ ഈ നാടകം പൂർത്തിയാവുകയാണ്. ഈ ഡ്രാമ ആരും ഉണ്ടാക്കിയതല്ല. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ്. ഈ ഡ്രാമ എപ്പോൾ മുതലാണ് ആരംഭിച്ചത്? എന്ന് നിങ്ങളോട് ചോദിക്കുന്നു. നിങ്ങൾ പറയൂ ഇത് അനാദിയായ ഡ്രാമയാണ്. ഇതിന് ആദിയോ അന്ത്യമോ ഉണ്ടാവുകയില്ല. പുതിയതു തന്നെ പഴയതും, പഴയതുതന്നെ പുതിയതുമായിക്കൊണ്ടിരിക്കും. ഈ പാഠം നിങ്ങൾ കുട്ടികൾക്ക് പക്കയാണ്. പുതിയ ലോകം എപ്പോഴാണ് ഉണ്ടാകുന്നത് പിന്നീട് അത് എപ്പോഴാണ് പഴയതാകുന്നത് എന്നത് നിങ്ങൾക്ക് അറിയാം. ഇത് ചിലരുടെ ബുദ്ധിയിൽ പൂർണ്ണമായുണ്ട്. നിങ്ങൾക്ക് അറിയാം ഇപ്പോൾ ഈ നാടകം പൂർത്തിയാവുകയാണ് പിന്നീട് വീണ്ടും ആവർത്തിക്കും. നമ്മുടെ 84 ജന്മങ്ങളുടെ പാർട്ട് പൂർത്തിയായി. ഇപ്പോൾ ബാബ നമ്മെ കൊണ്ടുപോകുന്നതിനായി വന്നിരിക്കുകയാണ്. ബാബ വഴികാട്ടിയുമാണല്ലോ. നിങ്ങൾ എല്ലാവരും വഴികാട്ടികളാണ്. വഴികാട്ടികൾ യാത്രക്കാരെ കൂടെക്കൊണ്ടുപോകുന്നു. ഇവർ പരിധിയുള്ള വഴികാട്ടികളാണ് എന്നാൽ നിങ്ങൾ ആത്മീയ വഴികാട്ടികളാണ് അതിനാൽ നിങ്ങളുടെ പേര് പാണ്ഡവ ഗവൺമെന്റ് എന്നാണ്, എന്നാൽ ഗുപ്തമാണ്. പാണ്ഡവർ, കൗരവർ പിന്നെ യാദവർ എല്ലാവരും എന്തുചെയ്തു. ഈ സമയത്തെ കാര്യമാണ് ഇത് മഹാഭാരതയുദ്ധത്തിന്റെ സമയം കൂടിയാണ്. അനേകം ധർമ്മങ്ങളുണ്ട്, ലോകവും തമോപ്രധാനമാണ്, വ്യത്യസ്തങ്ങളായ ധർമ്മങ്ങൾ ഉൾക്കൊണ്ട വൃക്ഷം പൂർണ്ണമായും പഴയതായിരിക്കുന്നു. നിങ്ങൾക്ക് അറിയാം ഈ വൃക്ഷത്തിന്റെ ആദ്യമാദ്യമുള്ള അടിത്തറ ആദിസനാതന ദേവീദേവതാ ധർമ്മമാണ്. സത്യയുഗത്തിൽ കുറച്ചുപേരേയുള്ളു പിന്നീട് വൃദ്ധി പ്രാപിക്കുന്നു. ഇത് ആർക്കും അറിയില്ല, നിങ്ങളിലും നമ്പർവൈസാണ്. വിദ്യാർത്ഥികളിലും ചിലർ വളരെ സമർത്ഥരായിരിക്കും, നന്നായി ധാരണ ചെയ്യും ചെയ്യിക്കുന്നതിലും താല്പര്യമുണ്ടാകും. ചിലർ നല്ലരീതിയിൽ ധാരണ ചയ്യും. ചിലർ മീഡിയമായിരിക്കും, ചിലർ മൂന്നാന്തരവും ചിലരാണെങ്കിൽ നാലാന്തരവുമായിരിക്കും. പ്രദർശിനികളിൽ പുതിയ രീതികളിൽ പറഞ്ഞുകൊടുക്കുന്നവർ വേണം. ആദ്യം പറഞ്ഞുകൊടുക്കൂ രണ്ട് അച്ഛന്മാരുണ്ടെന്ന്. ഒന്ന് പരിധിയില്ലാത്ത പാരലൗകിക പിതാവ്, രണ്ടാമത് പരിധിയുള്ള ലൗകിക പിതാവ്. ഭാരതത്തിന് പരിധിയില്ലാത്ത സമ്പത്ത് ലഭിച്ചിരുന്നു. ഭാരതം സ്വർഗ്ഗമായിരുന്നു പിന്നീട് അത് നരകമായി, ഇതിനെ ആസുരീയ രാജ്യം എന്നാണ് പറയുന്നത്. ഭക്തിയും ആദ്യമാദ്യം അവ്യഭിചാരിയായിരിക്കും. ഒരു ശിവബാബയെ മാത്രമാണ് ഓർമ്മിക്കുന്നത്.

ബാബ പറയുന്നു– കുട്ടികളേ, പുരുഷോത്തമനായി മാറണമെങ്കിൽ എന്തെല്ലാം കാര്യങ്ങളാണോ കനിഷ്ടരാക്കി മാറ്റുന്നത് അതൊന്നും കേൾക്കാതിരിക്കൂ. ഒരു ബാബയിൽ നിന്നും കേൾക്കൂ. അവ്യഭിചാരിയായ ജ്ഞാനം കേൾക്കൂ ബാക്കി ആരിൽ നിന്നെല്ലാം കേൾക്കുന്നുണ്ടോ അതെല്ലാം അസത്യമാണ്. ബാബ ഇപ്പോഴാണ് നിങ്ങളെ സത്യം കേൾപ്പിച്ച് പുരുഷോത്തമരാക്കി മാറ്റുന്നത്. ആസുരീയ കാര്യങ്ങൾ കേട്ട് കേട്ട് നിങ്ങൾ കനിഷ്ടരായി മാറി. പ്രകാശമാണ് ബ്രഹ്മാവിന്റെ പകൽ, അന്ധകാരമാണ് ബ്രഹ്മാവിന്റെ രാത്രി. ഈ പോയിന്റ്സ് എല്ലാം ധാരണ ചെയ്യണം. എല്ലാകാര്യത്തിലും നമ്പർവൈസ് ആയിരിക്കും. ചില ഡോക്ടർമാർ ഒരു ഓപ്പറേഷനുതന്നെ 10–20 ആയിരം വാങ്ങിക്കും, എന്നാൽ ചിലർക്കാണെങ്കിൽ ഭക്ഷണത്തിനുപോലും വഴിയുണ്ടാകില്ല. വക്കീലന്മാരും ഇങ്ങനെയായിരിക്കും. നിങ്ങളും എത്രത്തോളം പഠിക്കുന്നുവോ പഠിപ്പിക്കുന്നുവോ അത്രയും ഉയർന്ന പദവി നേടും. വ്യത്യാസം ഉണ്ടല്ലോ. ദാസ ദാസിമാരും നമ്പർവൈസ് ആയിരിക്കും. എല്ലാത്തിന്റേയും ആധാരം പഠിപ്പാണ്. സ്വയം ചോദിക്കണം ഞാൻ എത്രത്തോളം പഠിക്കുന്നുണ്ട്, ഭാവിയിൽ ജന്മ ജന്മാന്തരങ്ങളിലേയ്ക്ക് എന്തായി മാറും? എന്താണോ ജന്മ ജന്മാന്തരങ്ങളിൽ ആകുന്നത് അതുതന്നെയാണ് കല്പ കല്പാന്തരങ്ങളിലേയ്ക്ക് ആവുക അതിനാൽ പഠിപ്പിൽ പരിപൂർണ്ണ ശ്രദ്ധ നൽകണം. വിഷം കുടിക്കുന്നത് പൂർണ്ണമായും ഒഴിവാക്കണം. വിസർജ്യങ്ങൾ നിറഞ്ഞ വസ്ത്രം അലക്കൂ എന്ന് സത്യയുഗത്തിൽ പറയുകയില്ല. ഈ സമയത്ത് എല്ലാവരുടേയും വസ്ത്രം കേടുവന്നിരിക്കുന്നു. തമോപ്രധാനമല്ലേ. ഇതും മനസ്സിലാക്കേണ്ട കാര്യമല്ലേ. ഏറ്റവും പഴയ വസ്ത്രം ആരുടേതാണ്? നമ്മുടേത്. ഈ സമയം ശരീരത്തെ മാറ്റിക്കൊണ്ടിരിക്കുകയാണ്. ആത്മാവ് പതിതമായിക്കൊണ്ടിരിക്കുന്നു. ശരീരവും പതിതവും പഴയതുമായി മാറിക്കൊണ്ടിരിക്കുന്നു. ശരീരം മാറ്റുകതന്നെ വേണം. ആത്മാവ് മാറുകയില്ല. ശരീരത്തിന് പ്രായമായി– മരണം സംഭവിച്ചു– ഇതും ഡ്രാമയിൽ ഉള്ളതാണ്. എല്ലാവരുടേതും പാർട്ടാണ്. ആത്മാവ് അവിനാശിയാണ്. ആത്മാവ് സ്വയം പറയുന്നു– ഞാൻ ശരീരം ഉപേക്ഷിക്കുകയാണ്. ദേഹീ അഭിമാനിയാകേണ്ടിവരും. മനുഷ്യർ എല്ലാവരും ദേഹാഭിമാനികളാണ്. അരകല്പം

ദേഹാഭിമാനികളും അരകല്പം ദേഹീ അഭിമാനികളും. ദേഹീ അഭിമാനിയായതിനാൽ സത്യയുഗത്തിലെ ദേവതകൾക്ക് മോഹജീത്ത് എന്ന ടൈറ്റിൽ ലഭിച്ചിരിക്കുന്നു എന്തുകൊണ്ടെന്നാൽ അവിടെ ഞാൻ ആത്മാവാണ്, ഇപ്പോൾ ഈ ശരീരം ഉപേക്ഷിച്ച് രണ്ടാമത് ഒന്ന് എടുക്കണം എന്ന് മനസ്സിലാക്കുന്നു. മോഹജീത്ത് രാജാവിന്റെയും കഥയുണ്ടല്ലോ. ബാബ മനസ്സിലാക്കിത്തരുന്നു ദേവീ ദേവതകൾ മോഹത്തെ ജയിച്ചവരായിരിക്കും. സന്തോഷത്തോടെ ഒരു ശരീരം ഉപേക്ഷിച്ച് അടുത്തത് എടുക്കണം. ബാബയിലൂടെ കുട്ടികൾക്ക് മുഴുവൻ ജ്ഞാനവും ലഭിക്കുകയാണ്. നിങ്ങളാണ് ചക്രം കറങ്ങി വീണ്ടും വന്ന് കണ്ടുമുട്ടിയത്. ആരാണോ മറ്റു ധർമ്മങ്ങളിലേയ്ക്ക് കൺവർട്ടായി പോയിരിക്കുന്നത് അവരും വരും. തന്റെ സമ്പത്ത് എടുക്കും. ധർമ്മം തന്നെ മാറിയില്ലേ. അറിയില്ല എത്ര സമയം ആ ധർമ്മത്തിൽ ഉണ്ടായിരുന്നുവെന്ന്. 2-3 ജന്മങ്ങൾ എടുക്കും. ആരെയെങ്കിലും ഹിന്ദുവിൽ നിന്നും മുസ്ലീമാക്കി മാറ്റിയിട്ടുണ്ടെങ്കിൽ ആ ധർമ്മത്തിൽ വന്നുകൊണ്ടിരിക്കും പിന്നീടാണ് ഇവിടെ വരുന്നത്. ഇതെല്ലാം വിസ്താരത്തിലുള്ള കാര്യങ്ങളാണ്. ബാബ പറയുന്നു ഇത്രയും കാര്യങ്ങൾ ഓർമ്മിക്കാൻ സാധിക്കില്ല, ശരി ഞാൻ ബാബയുടെ കുട്ടിയാണെന്നെങ്കിലും മനസ്സിലാക്കൂ. നല്ല നല്ല കുട്ടികൾ പോലും മറന്നുപോകുന്നു. ബാബയെ ഓർമ്മിക്കുന്നില്ല. മായ ഇതിൽ മറപ്പിക്കുന്നു. നിങ്ങളും മുമ്പ് മായയുടെ അനുയായി ആയിരുന്നല്ലോ. ഇപ്പോൾ ഈശ്വരന്റേതായി മാറിയിരിക്കുന്നു. അതും ഡ്രാമയിലെ പാർട്ടാണ്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. എപ്പോഴാണോ നിങ്ങൾ ആത്മാക്കൾ ആദ്യമായി ശരീരത്തിലേയ്ക്ക് വന്നത് അപ്പോൾ പവിത്രമായിരുന്നു, പിന്നീട് പുനർജന്മങ്ങൾ എടുത്ത് എടുത്ത് പതിതമായതാണ്. ഇപ്പോൾ വീണ്ടും ബാബ പറയുന്നു നഷ്ടോമോഹയാകൂ. ഈ ശരീരത്തോടുപോലും മോഹം വയ്ക്കരുത്.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഈ പഴയ ലോകത്തോട് പരിധിയില്ലാത്ത വൈരാഗ്യം ഉണ്ടാകുന്നു എന്തുകൊണ്ടെന്നാൽ ഈ ലോകത്തിൽ എല്ലാവരും പരസ്പരം ദുഃഖം നൽകുന്നവരാണ്. അതിനാൽ ഈ പഴയ ലോകത്തെത്തന്നെ മറന്നേയ്ക്കൂ. നമ്മൾ അശരീരിയായാണ് വന്നത് ഇപ്പോൾ വീണ്ടും അശരീരിയായിത്തന്നെ തിരിച്ചുപോകണം. ഇപ്പോൾ ഈ ലോകം തന്നെ അവസാനിക്കാനുള്ളതാണ്. തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറുന്നതിനായി എന്നെ മാത്രം ഓർമ്മിക്കൂ എന്ന് ബാബ പറയുന്നു. എന്നെ മാത്രം ഓർമ്മിക്കു എന്ന് കൃഷ്ണന് പറയാൻ സാധിക്കില്ല. കൃഷ്ണൻ സത്യയുഗത്തിലാണുള്ളത്. ബാബ പറയുന്നു എന്നെ നിങ്ങൾ പതിത പാവനൻ എന്നും വിളിക്കാറുണ്ടല്ലോ അതിനാൽ ഇപ്പോൾ എന്നെ ഓർമ്മിക്കൂ, ഞാൻ പാവനമായി മാറുന്നതിനായി ഈ യുക്തി പറഞ്ഞുതരികയാണ്. കല്പ കല്പത്തിലേയ്ക്ക് യുക്തി പറഞ്ഞു തരുന്നു എപ്പോഴാണോ പഴയലോകമാകുന്നത് അപ്പോൾ ഭഗവാന് വരേണ്ടതായി വരുന്നു. മനുഷ്യരാണെങ്കിൽ ഡ്രാമയുടെ ആയുസ്സിനെ വലിച്ചു നീട്ടി. അതിനാൽ മനുഷ്യർ പൂർണ്ണമായും എല്ലാം മറന്നിരിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് അറിയാം ഇത് സംഗമയുഗമാണ്, ഇതാണ് പുരുഷോത്തമനായി മാറുന്നതിനുള്ള യുഗം. മനുഷ്യരാണെങ്കിൽ തീർത്തും അന്ധകാരത്തിലാണ്. ഈ സമയത്ത് എല്ലാവരും തമോപ്രധാനമാണ്. ഇപ്പോൾ നിങ്ങൾ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറുകയാണ്. നിങ്ങളാണ് ഏറ്റവും അധികം ഭക്തി ചെയ്തത്. ഇപ്പോൾ ഭക്തിമാർഗ്ഗം അവസാനിക്കുകയാണ്. ഭക്തി മൃത്യുലോകത്തിലാണ്. പിന്നീട് അമരലോകം വരും. നിങ്ങൾ ഈ സമയത്ത് ജ്ഞാനം എടുക്കുകയാണ് പിന്നീട് ഭക്തിയുടെ പേരോ അടയാളമോ ഉണ്ടാകുകയില്ല. അല്ലയോ ഭഗവാനേ, അല്ലയോ രാമാ - ഇതെല്ലാം ഭക്തിമാർഗ്ഗത്തിലെ വാക്കുകളാണ്. ഇവിടെയാണെങ്കിൽ ശബ്ദം ഉണ്ടാക്കുകയേ വേണ്ട. ബാബ ജ്ഞാനത്തിന്റെ സാഗരമാണ്, ബാബ ശബ്ദം ഉണ്ടാക്കുന്നുണ്ടോ. ബാബയെ പറയുന്നതുതന്നെ സുഖ ശാന്തിയുടെ സാഗരൻ എന്നാണ്. അതിനാൽ കേൾപ്പിക്കുന്നതിനായി ബാബയ്ക്ക് ശരീരം വേണമല്ലോ. ഭഗവാന്റെ ഭാഷ ഏതാണ് എന്നത് ആർക്കും അറിയില്ല. ബാബ എല്ലാ ഭാഷകളിലും സംസാരിക്കും എന്നല്ല. ബാബയുടെ ഭാഷ ഹിന്ദിയാണ്. ബാബ ഒരേയൊരു ഭാഷയിലാണ് മനസ്സിലാക്കിത്തരുന്നത് പിന്നീട് നിങ്ങൾ വിവർത്തനം ചെയ്ത് മനസ്സിലാക്കിക്കൊടുക്കുന്നു. വിദേശികൾ ആരെയെല്ലാം കാണുന്നുവോ അവർക്കും ബാബയുടെ പരിചയം നൽകണം. ബാബ ആദിസനാതന ദേവീദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുകയാണ്. ത്രിമൂർത്തികളെ കാണിച്ച് മനസ്സിലാക്കിക്കൊടുക്കണം. പ്രജാപിതാ ബ്രഹ്മാവിന് എത്ര ബ്രഹ്മാകുമാരന്മാരും കുമാരിമാരുമാണ്. ആരെങ്കിലും വരികയാണെങ്കിൽ അവരോട് ആദ്യം ചോദിക്കൂ ആരുടെ അടുത്തേയ്ക്കാണ് വന്നിരിക്കുന്നത്? ബോർഡ് എഴുതിവച്ചിട്ടുണ്ട്. പ്രജാപിതാവ്... രചിനയിതാവായിരിക്കുന്നു. എന്നാൽ ഇദ്ദേഹത്തെ ഭഗവാൻ എന്നു പറയാൻ കഴിയില്ല. ഭഗവാൻ എന്ന് നിരാകാരനെയാണ് പറയുന്നത്. ഈ ബ്രഹ്മാകുമാരീ കുമാരന്മാർ ബ്രഹ്മാവിന്റെ സന്താനങ്ങളാണ്. നിങ്ങൾ ഇവിടേയ്ക്ക് എന്തിനുവേണ്ടി വന്നതാണ്? ഞങ്ങളുടെ പിതാവുമായി നിങ്ങൾക്കെന്ത് കാര്യം! അച്ഛന്റെയടുത്ത് മക്കൾക്ക് തന്നെയല്ലേ കാര്യമുണ്ടാകുക. ഞങ്ങൾക്ക് ബാബയെ നല്ലരീതിയിൽ അറിയാം. പാടിയിട്ടുണ്ട്- മകൻ അച്ഛനെ പ്രശസ്തനാക്കും. നമ്മൾ ബാബയുടെ കുട്ടികളാണ്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെ ലഭിച്ച മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം:-

1) പുരുഷോത്തമനായി മാറണം അതിനാൽ പതിതമാക്കി മാറ്റുന്ന ആസുരീയമായ ഒരു കാര്യങ്ങളും കേൾക്കരുത്. ഒരു ബാബയിൽ നിന്നുമാത്രം അവ്യഭിചാരിയായ ജ്ഞാനം കേൾക്കണം.

2) നഷ്ടോമോഹയാവുന്നതിനായി ദേഹീ അഭിമാനിയാകാനുള്ള പരിപൂർണ്ണ പുരുഷാർത്ഥം ചെയ്യണം. ബുദ്ധിയിലുണ്ടാകണം- ഇത് പഴയ ദുഃഖം നൽകുന്ന ലോകമാണ്, ഇതിനെ മറക്കണം. ഇതിനോട് പരിധിയില്ലാത്ത വൈരാഗ്യം ഉണ്ടാകണം.

## വരദാനം : സംഗമയുഗത്തിലെ സർവ്വ പ്രാപ്തികളെയും സ്മൃതിയിൽ വെച്ച് കയറുന്ന കലയുടെ അനുഭവം ചെയ്യുന്നവരായ ശ്രേഷ്ഠ പ്രാപ്തിയുള്ളവരായി ഭവിക്കു.

പരമാത്മ മിലനത്തിന്റെ അഥവാ പരമാത്മാ ജ്ഞാനത്തിന്റെ വിശേഷതയാണ് അവിനാശി പ്രാപ്തികൾ ഉണ്ടാക്കുക. സംഗമയുഗം പുരുഷാർത്ഥി ജീവിതവും. സത്യയുഗം പ്രാപ്തിയുടെ ജീവിതവും എന്നല്ല. സംഗമ യുഗത്തിന്റെ വിശേഷതയാണ് ഒരു ചുവട് വെക്കുന്നതിലൂടെ ആയിരം മടങ്ങ് പ്രാപ്തി നേടുക. കേവലം പുരുഷാർത്ഥി മാത്രമല്ല എന്നാൽ ശ്രേഷ്ഠമായ പ്രാപ്തിയും ഈ സ്വരൂപത്തെ സദാ മുന്നിൽ വെയ്ക്കു. ശ്രേഷ്ഠമായ ഭാവിയെ കാണുമ്പോൾ സഹജമായി തന്നെ കയറുന്ന കലയുടെ അനുഭവം ചെയ്യാം. 'നേടേണ്ടത് നേടിക്കഴിഞ്ഞു' ഈ പാട്ട് പാടുമ്പോൾ ബുദ്ധിമുട്ടുകളിൽ നിന്നും ഞെട്ടലുകളിൽ നിന്നും രക്ഷപ്പെടും.

## സ്ലോഗൻ: ബ്രാഹ്മണരുടെ ശ്വാസമാണ് ധൈര്യം, ഇതിലൂടെ അതികഠിനമായ കാര്യം പോലും സഹജമാകും.

**അവ്യക്ത സൂചനകമ്പൈൻഡ് സ്വരൂപത്തിന്റെ സ്മൃതിയിലൂടെ സദാ വിജയികളായി മാറൂ**
എങ്ങനെയാണൊ നമ്മൾ ബ്രഹ്മാബാബ ശിവ ബാബയെ കമ്പൈൻഡ് സ്വരൂപത്തിന്റെ അനുഭവം ചെയ്തത് ചെയ്യിപ്പിച്ചത്. ഈ കമ്പൈൻഡ് സ്വരൂപത്തെ ആർക്കും വേർപെടുത്താൻ സാധിക്കില്ല. ഇങ്ങനെ സുപുത്രന്മാരായ കുട്ടികൾ സദാ സ്വയത്തെ ബാബയോടൊപ്പം കമ്പൈൻഡായി അനുഭവം ചെയ്യും. പിന്നെ ഏതൊരു ശക്തിക്കും അവരെ വേർപെടുത്താൻ സാധിക്കില്ല.